

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 7 Issue: 7 Aug 2021

# മാതാവിന്റെ സ്വർഗ്ഗാരോപണം

ഓരോ ഭാരതീയ കത്തോലിക്കനും ഓഗസ്റ്റ് 15 രണ്ട് അമ്മമാരുടെ ഓർമ്മ ദിനമാണ്. രണ്ടു നൂറ്റാണ്ടോളം പാരതന്ത്ര്യത്തിൽ അടിമ ചങ്ങലയിൽ കഴിഞ്ഞ ശേഷം സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്ക് മിഴിതുറന്ന ഭാരതാംബയുടെ ദിനം. മംഗളവാർത്ത മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ദൈവേഷ്ടങ്ങളുടെ മുൻപിൽ ഇതാ നിന്റെ ദാസി (ലൂക്ക 1:38) എന്ന ഹൃദയ ഭാവത്തോടെ നിന്ന പരിശുദ്ധ കന്യാമറിയത്തെ മരണമില്ലാതെ നിത്യത യിലേക്ക് ദൈവം ഉയർത്തിയ ദിനം. രണ്ട് അമ്മമാരും സമാനതകളില്ലാതെ സഹനങ്ങളുടെ കനൽവഴികളിലൂടെ ആണ് വിജയത്തിന്റെ തീരത്തെത്തിയത് എന്നതാണ് ഈ ദിനത്തിന്റെ ഏറ്റവും വലിയ സവിശേഷത.

ഭാരതത്തിലെ ഓരോ ക്രൈസ്തവനും ഓഗസ്റ്റ് 15 പ്രതീക്ഷകളുടെ ഒരു ദിനം കൂടിയാണ്. ഗബ്രിയേൽ ദൂതന്റെ മുൻപിൽ ഇതാ  കർത്താവിന്റെ ദാസി



എന്ന് പ്രത്യുത്തരിച്ചതു മുതൽ പരിശുദ്ധ മറിയം ദൈവേഷ്ടങ്ങളുടെ അടിമയായി മാറുകയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ പരിശുദ്ധ മറിയം തന്റെ സ്വാതന്ത്ര്യത്തിന് പുതിയ മാനങ്ങൾ നൽകുകയാണ്. ഇത് സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയിലേക്ക് പരിശുദ്ധ മറിയം മാറി എന്നല്ല, മറിച്ച് അത്യുന്നതന്റെ മുൻപിൽ എല്ലാം സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന ആന്തരികമായ ആനന്ദം അനുഭവിക്കാൻ തുടങ്ങി എന്നാണ് അർത്ഥമാക്കുന്നത്.

സ്വാതന്ത്ര്യ സമരത്തിന്റെ ബലിക്കല്ലിൽ അറിഞ്ഞും അറിയാതെയും ജീവൻ ഹോമിച്ച ആയിരക്കണക്കിന് ദേശസ്നേഹികൾ ഭാരതാംബയുടെ സ്വാതന്ത്ര്യമാണ് തങ്ങളുടെ വ്യക്തിപരമായ ആഗ്രഹങ്ങളേക്കാളും സ്വപ്നങ്ങളേക്കാളും പരമമെന്ന് തിരിച്ചറിഞ്ഞപ്പോൾ സഹനസമര വീഥികൾ സന്തോഷത്തോടെ താണ്ടാൻ അവർക്ക് ഊർജ്ജം ലഭിച്ചു.

1947 മുതൽ ഇന്നുവരെയുള്ള സ്വതന്ത്രഭാരതത്തിൻറെ ചരിത്രവഴികളിൽ ഓരോ ഭാരതീയനെയും അഭിമാനം കൊള്ളിക്കുന്ന നിരവധി നേട്ടങ്ങൾ ഉണ്ട്. സുസ്ഥിരമായ ജനാധിപത്യ ഭരണസമ്പ്രദായത്തിൻറെ പേരിലും മാനവവിഭവശേഷിയുടെയും സാമ്പത്തിക പരിഷ്കാരത്തിൻറെയും പേരിലും ഭാരതം ലോകരാഷ്ട്രങ്ങളുടെ മുന്നിൽ തല ഉയർത്തി നില്ക്കുകയാണ്. ലോകരാഷ്ട്രങ്ങളുടെ പൊതുതീരുമാനങ്ങളെ സ്വാധീനിക്കുംവിധം ഇടപെടാൻ ശേഷിയുള്ള ഭാരതത്തിൻറെ നയതന്ത്ര നീക്കങ്ങൾ മറ്റു രാജ്യങ്ങൾ കരുതലോടെ വീക്ഷിക്കുന്നു എന്നത് നമ്മെ അഭിമാനം കൊള്ളിക്കുന്ന യാഥാർത്ഥ്യമാണ്. മാത്രവുമല്ല, നാനാത്വത്തിൽ ഏകത്വം നില നിർത്തപ്പെടുന്നു എന്നുള്ളത് ഭാരതത്തിൻറെ സവിശേഷതയും സംഭാവനയുമാണ്.

സ്വായത്തമാക്കിയ നേട്ടങ്ങളുടെ പേരിൽ ശിരസ് ഉയർത്തി നിന്ന് അഭിമാനിക്കുമ്പോഴും ഓരോ ഭാരതീയനെയും അസ്വസ്ഥമാക്കുന്ന വാർത്തകൾ കൂടി പുറത്തുവരുന്നുണ്ട് എന്നതും ഈ അവസരത്തിൽ ചർച്ചയ്ക്ക് വിധേയമാക്കപ്പെടേണ്ടതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന മൗലിക അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നു. ആർഷഭാരതസംസ്കൃതിയുടെ യശസ്സിനു കളങ്കം ഏല്പിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ കടന്നുകയറ്റവും വിശ്വമാനവീകതയുടെ ആത്മാവിനെ ശിഥിലമാക്കുന്ന ജാതി മത വർഗ്ഗ വർണ്ണങ്ങളുടെ പേരിലുള്ള ഒറ്റപ്പെടുത്തലുകളും അടിച്ചമർത്തലുകളും സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്ക് ഭൂഷണമല്ല എന്ന് നാം തിരിച്ചറിയേണ്ടി യിരിക്കുന്നു.

ഏവർക്കും സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഇന്ത്യയുടെ സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**റവ. ഡോ. ഡെമിൻ തറയിൽ**
**അസി. ഡയറക്ടർ**

# ജൂബിലിക്ക് ഇസാഫ് ഫൗണ്ടേഷന്റെ സഹായം

ഇസാഫ് (ESAF) ഫൗണ്ടേഷന്റെ സി. എസ്. ആർ. പ്രോഗ്രാമിന്റെ ഭാഗമായി ലോക ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കോവിഡ് വിഭാഗത്തിലെ രോഗികൾക്കായി വെന്റിലേറ്ററും യു.വി. ചേമ്പറും നൽകി. അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇസാഫ് ബാങ്ക് സി.ഇ.ഒ.-യും എം.ഡി.-യുമായ ശ്രീ. പോൾ കെ. തോമസ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി.




ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ജോർജ്ജ് വർഗ്ഗീസ്, ഇസാഫ് ഫൗണ്ടേഷൻ ഡയറക്ടർ ക്രിസ്തുദാസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ജൂബിലിയിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിജയം

കേരള ആരോഗ്യ സർവ്വകലാശാലയുടെ എം. ബി. ബി. എസ്. പരീക്ഷയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 98.95 ശതമാനം വിജയം നേടി. 96 പേർ പരിക്ഷയെഴുതിയതിൽ 95 പേരും വിജയിച്ചു. യൂണിവേഴ്സിറ്റി തലത്തിൽ ഏറ്റവും ഉയർന്ന വിജയശതമാനമാണ് ഇതെന്ന് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ അറിയിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ ബി.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളും നൂറ് ശതമാനം വിജയം കൈവരിക്കുകയും. ഇതിൽ 8 പേർ ഡിസ്റ്റിങ്ങ്ഷൻ നേടിയതായി നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏഞ്ജല ജ്ഞാനദുരൈ അറിയിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അഭിനന്ദിച്ചു.

# MBFHI ജൂബിലിയിൽ

BFHI (ബേബി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ്) കമ്മിറ്റി മീറ്റിന്റെ ഭാഗമായി ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ആക്ഷൻ പ്ലാൻ MBFHI (മദർ & ബേബി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ്) നവീകരണ പ്രവർത്തനങ്ങൾ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന്റെ അധ്യക്ഷതയിൽ നടത്തി. ഡോ. രതി ശാന്തകുമാർ സദസ്സിനെ സ്വാഗതം ചെയ്യുകയും കർമപദ്ധതി അവതരിപ്പിക്കുകയും ചെയ്തു.



നവജാതശിശു വിഭാഗം മേധാവി, ഡോ വി. സി. മനോജ്, മുലപ്പാൽ ബാങ്കിന്റെ പ്രവർത്തനത്തിനും വിലയിരുത്തലിനും MBFHI യുടെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു. അമ്മമാർ, ജീവനക്കാർ, റിസപ്ഷനിസ്റ്റ്, ഫാർമസിസ്റ്റ് എന്നിവരെ ബോധവത്കരിക്കുന്നതിനെക്കുറിച്ചു ഫോറത്തിൽ സജീവ ചർച്ച നടന്നു.

സ്റ്റാഫിനായുള്ള ക്ലാസ്സുകളും അതുമായി ബന്ധപ്പെട്ടിട്ടുള്ള ഗൂഗിൾ ഫോമിലുള്ള ചോദ്യോത്തരവും ഡോക്യേഴ്സ് വഴിയായി തയ്യാറാക്കുന്നതിനും ജൂബിലി പ്ലാറ്റ്ഫോമിൽ അപ്ലോഡ് ചെയ്യാനും, രോഗികൾക്കുള്ള ബോധവത്കരണ ക്ലാസുകൾ കോവിഡ് പ്രോട്ടോകോൾ അനുസരിച്ചു ചെറിയ ഗ്രൂപ്പുകൾ ആയി നടത്തുവാനും, ആശയങ്ങൾ മനസ്സിലായി എന്ന് ഉറപ്പുവരുത്തുവാനായി എല്ലാ പങ്കാളികളിൽ നിന്നും ഫീഡ്ബാക്ക് ഫോം ശേഖരിക്കുവാനും യോഗത്തിൽ തീരുമാനമായി. നവജാതശിശു വിഭാഗം സീനിയർ റസിഡന്റ് ഡോ. ധന്യ ദിവാകരൻ നന്ദി പറഞ്ഞു.



## സ്മൈൽ ട്രെയിനിന്റെ സാമ്പത്തിക സഹായത്തോടെ പുതിയ ഗവേഷണ പദ്ധതി

മുറിച്ചുണ്ടിനു കാരണമാകുന്ന ഘടകങ്ങളെ കുറിച്ചുള്ള ഗവേഷണത്തിനായി സ്മൈൽട്രെയിൻ ഇന്ത്യയുടെ 78 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടെ പുതിയ, മൂന്ന് വർഷത്തെ ഗവേഷണ പദ്ധതി ജൂബിലിയിൽ ആരംഭിച്ചു. ജൂലൈ ഏഴാം തീയതി നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഔദ്യോഗികമായി തുടക്കം കുറിച്ചു. ഡോ. അലക്സ് ജോർജ്, ഡോ. പി വി നാരായണൻ, ഡോ. പി ആർ വർഗീസ് എന്നിവർ പഠനത്തിന് നേതൃത്വം നൽകും. ജൂബിലി മിഷൻ സ്മൈൽ ട്രെയിൻ സ്ഥാപകനും ഈ രംഗത്തെ അതികായനുമായിരുന്ന ഡോ. ഏഡൻവാലെയുടെ നിർദേശപ്രകാരമാണ് രണ്ടു വർഷം മുൻപ് ഈ പദ്ധതി സമർപ്പിച്ചിരുന്നത്.

## അഭിനന്ദനങ്ങൾ



തൃശൂർ Neuropedicon 2021 നോടനുബന്ധിച്ചു നടന്ന പോസ്റ്റർ പ്രസന്റേഷനിൽ Acute CNS Demyelination following SARS COV 2 infection in children - A case series എന്ന വിഷയത്തിൽ ഒന്നാം സ്ഥാനം നേടിയ പീഡിയാട്രിക്സ് വിഭാഗം റസിഡന്റ് ഡോ. ബെനീറ്റ മേരി മാത്യുവിനു ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



നഴ്സിംഗ് മേഖലയിലെ മികച്ച സേവനത്തിനുള്ള 2021 ലെ TMA - Florence Nightingale പുരസ്കാരം കരസ്ഥമാക്കിയ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് സി. മെർലി മാത്യുവിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ട്രഷറർ ഓഫ് തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ (TMA) ആയി തിരഞ്ഞെടുക്കപ്പെട്ട അക്കൗണ്ട്സ് വിഭാഗം ജനറൽ മാനേജർ C A ജീൻ പോൾ ന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.



## സ്വാതന്ത്ര്യ ദിനാഘോഷം

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചു ഡയറക്ടർ,
റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പതാക ഉയർത്തുന്നു.

# കൊറോണം

ഓണം ഓരോ കാലഘട്ടം കഴിയുമ്പോഴും പൊതുഇടങ്ങളിൽ നിന്നും വീട്ടുമുറ്റത്തേക്കും തുടർന്ന് അകതളങ്ങളിലേക്കും പിന്നീട് മിനിസ്ക്രീനിലേക്കും ചേക്കേറുകയുണ്ടായി, കൊറോണ നമുക്ക് സമ്മാനിച്ചത് ഓൺലൈൻ ഓണമായിരുന്നു. 2020ൽ ഓണാഘോഷവും ഓണച്ചിന്തകളും തീർത്തും ശുഷ്ക്കമായിരുന്നു. സാമൂഹിക ആരോഗ്യം പോലും അപകടത്തിലാണെന്ന ബോധം പൊതുജനങ്ങളുടെ ഓണാഘോഷചിന്തകളെ നിഷ്പ്രഭമാക്കി. 2021 ആകുമ്പോഴേക്കും മെച്ചപ്പെട്ട സാമൂഹിക മനസ്ഥിതിപുന:സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷെ രാജ്യത്താകമാനമുള്ള കണക്ക് പരിശോധിക്കുമ്പോൾ കേരളത്തിന്റെ ആരോഗ്യസ്ഥിതി ഓണകാലഘട്ടത്തിലും ആശാവഹമായിരുന്നില്ല. പരമ്പരാഗത ഓണാഘോഷരീതികളിൽ നിന്ന് വ്യത്യസ്തമായി ഓൺലൈൻ വഴി ഓണം ആഘോഷിച്ചതായിക്കാണാം. ആധുനിക സാങ്കേതികവിദ്യയുടെ മുന്നേറ്റത്തിന് നന്ദി പറയാം.

മലയാളി ഏതു സാഹചര്യത്തിലും ഓണം ആഘോഷിക്കുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയവും മഹത്തരവുമായ കാര്യം. ഓണ സങ്കൽപം മുന്നോട്ട് വയ്ക്കുന്നത് സമൃദ്ധിയുടെയും സമത്വത്തിന്റെയും ആശയമാണ് എന്നതാണ് അതിന്റെ കാരണം.



ഓണം കൊയ്ത്തുൽസവമായതു കൊണ്ട് അറ നിറയെ നെല്ലും തൊടി നിറയെ കായ്കനികളും നിറഞ്ഞ ഒരു സമയത്താണ് ഓണം ആഘോഷിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ ഓണം സമൃദ്ധിയുടെ ഉത്സവമാണ്. ഒരാഴ്ച്ചക്കാലം നീണ്ടുനിന്നിരുന്ന ഓണാഘോഷമായിരുന്നു പണ്ട് ഉണ്ടായിരുന്നത്. നീണ്ടു നിൽക്കുന്ന സമൃദ്ധിയുടെ അനുഭവത്തിന് വേണ്ടിയായിരിക്കാം അത്. വിശേഷാൽ ദിവസങ്ങളിൽ മാത്രം തയ്യാറാക്കി ഭക്ഷിച്ചിരുന്ന പലവിഭവങ്ങളും ഉദാര

വൽക്കരണത്തിന്റെയും, ആഗോളവൽക്കരണത്തിന്റെയും ഫല ങ്ങളിലൊന്നായ ഉപഭോഗ സംസ്ക്കാരത്തിന്റെ വരവോടെ ദൈനംദിന ഭക്ഷ്യക്രമത്തിന്റെ ഭാഗമായി. ഉദാഹരണത്തിന് കായവറവ്, ശർക്കിട്ടുപ്പേരി, പാലടപായസം തുടങ്ങിയ ഓണവിഭ വങ്ങൾ ഇന്ന് ദൈനംദിന തീൻമേശകളിൽ സുലഭമാണ്. സമൃദ്ധിയുടെ സങ്കൽപ്പത്തിൽ മലയാളി ഇന്ന് ഓണസങ്കൽപ്പ ത്തിലെത്തി നിൽക്കുന്നു എന്ന് വേണം കരുതാൻ. എങ്കിലും ഒരു ന്യൂനപക്ഷമെങ്കിലും സമൃദ്ധിയിലേക്ക് എത്തിപ്പെടുന്നില്ല എന്ന് ചുറ്റും കണ്ണോടിച്ചാൽ കാണാം. അതിലേക്കും നാം ശ്രദ്ധ തിരിക്കേണ്ടതുണ്ട്.



സമത്വ സങ്കൽപമാണ് ഓണത്തിന്റെ സൗന്ദര്യം. ഒരുപക്ഷെ ഓണം നിലനിൽക്കുന്നതും ആ സങ്കൽപത്തിന്റെ പ്രത്യാശയി ലാണ്, സമത്വത്തിനുവേണ്ടിയുള്ള മുറവിളി ലോകം മുഴുവൻ മുഴങ്ങുമ്പോൾ ഭൂമിയുടെ ഈ ചെറിയകോണിൽ മലയാളി കാലാകാലങ്ങളിലായി സമത്വത്തിന്റെ ആഘോഷം കൊണ്ടാടു ന്നു. അത് ഒരാഗോള സംസ്കാരമായി പടർത്താൻ ലോക ത്തിന്റെ ഓരോ കോണിലുമുള്ള മലയാളി, ഓണദിവസങ്ങളിൽ ഓണാഘോഷങ്ങൾ സംഘടിപ്പിച്ച് ശ്രമം നടത്തുന്നതായികാ ണാം.

സാമ്പത്തിക, സാമൂഹിക, വംശ, വർഗ്ഗ, വർണ്ണ അസമത്വ ത്തിന്റെ തീരാകെടുതികൾ എന്നും ലോകം അനുഭവിക്കുന്നുണ്ട്. മലയാളിയുടെ പൊതുവായ മനോഭാവം, അസമത്വത്തിന് എതി രാണെന്നും ഓണത്തിന്റെ സമത്വസങ്കൽപത്തിനടു

ത്തുനിൽക്കുന്ന ഒരു സാമൂഹിക മനസ്സ് മലയാളിക്കുണ്ട് എന്ന് നമുക്ക് കാണാൻ സാധിക്കും.

'മാവേലി നാടുവാണീടും കാലം മാനുഷ്യരെല്ലാരും ഒന്നുപോലെ' എന്ന ഓണദർശനം മലയാളിയുടെ സിരകളിൽ രക്തത്തോടൊപ്പം അലിഞ്ഞുചേർന്നതാണ്.


കൊറോണ മഹാമാരിയുടെ കാലഘട്ടത്തിൽപോലും ഓൺലൈൻ ഓണാഘോഷങ്ങൾ സംഘടിപ്പിച്ചും ചെറുക്കൂട്ടങ്ങളായി ഒത്തുകൂടിയും ഓണം ആഘോഷിക്കാൻ മലയാളി വെമ്പൽകൊള്ളുന്നതിന്റെ കാരണം ഈ സമത്വത്തിലേക്കുള്ള വളർച്ചയാണ്.

ഓണവും മലയാളിയും അന്നും ഇന്നും എന്നും സമൃദ്ധിയുടെയും സമത്വത്തിന്റെയും ഒരു ഉദാത്തമാതൃകയാണ്. എല്ലാവർക്കും ഓണത്തിന്റെ, നിറവിന്റെ ആശംസകൾ.

**CA ജീൻ പോൾ**
**ജനറൽ മാനേജർ, അക്കൗണ്ട്സ്**

# അഭിനന്ദനങ്ങൾ

തൃശൂർ മേയർ എം കെ വർഗീസിന്റെ ആഭിമുഖ്യത്തിൽ നടന്ന ലളിതമായ ചടങ്ങിൽ കോവിഡ് പ്രതിരോധരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച ആരോഗ്യ പ്രവർത്തകർക്കായുള്ള തൃശൂർ വെസ്റ്റ് റോട്ടറി ക്ലബ്ബിന്റെ പുരസ്കാരങ്ങൾ മേയറിൽ നിന്നും ഏറ്റുവാങ്ങി. കോവിഡ് തുടങ്ങിയ കാലം മുതൽ കോവിഡ് രോഗികളെ മുടക്കമില്ലാതെ പരിചരിച്ച ജൂബിലി മിഷൻ ഹോസ്പിറ്റലിലെ സി. ധന്യ തെരേസ, റോട്ടറി നൈറ്റിംഗേൽ എക്സ്ലെൻസ് അവാർഡും കോവിഡ് രോഗികളുടെ ഐ. സി. യു. വിന്റെ ചാർജുള്ള സി. സിമി സി ഡി, റോട്ടറി നൈറ്റിംഗേൽ ലീഡർഷിപ് അവാർഡും ചടങ്ങിൽ ഏറ്റു വാങ്ങി.





# 5വയസ്സുകാരന്റെ കണ്ണിൽ 7 മാസം മുൻപ് കുരുങ്ങിയ മരക്കമ്പ് നീക്കി

പൂവ് പറിക്കുമ്പോൾ തലയിടിച്ചു വീണ അഞ്ചു വയസ്സുകാരൻ നാസിഹിന്റെ കണ്ണിൽ തട്ടിയ കമ്പ് മുത്തശ്ശി വലിച്ചൂരിയിരുന്നു. കണ്ണിൽ മുറിവുമായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട നാസിഹിന്റെ കാഴ്ച മെല്ലെ മെല്ലെ നഷ്ടപ്പെട്ടു.



MRI സ്കാൻ ചെയ്തപ്പോൾ നീര് കണ്ട് അർബുദമാണെന്ന് പല ഡോക്ടർമാരും വിധിയെഴുതി. എങ്കിലും പ്രതീക്ഷയോടെ മണ്ണാർക്കാട് കണ്ടമംഗലം മുജീബും ഷെമീറയും നാസിഹുമായി കഴിഞ്ഞ ചൊവ്വാഴ്ച ജൂബിലി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തി. താക്കോൽദ്വാര ശസ്ത്രക്രിയ നടത്തിയപ്പോഴാണ് കണ്ണിൽ നിന്നു തലച്ചോറിലേക്കുള്ള ധമനികളോട് ചേർന്ന് കമ്പിന്റെ അംശങ്ങൾ കിടക്കുന്നതായി ന്യൂറോ സർജറി പ്രൊഫ. ഡോ. എസ്. രമേശിന്റെ ശ്രദ്ധയിൽപെട്ടത്.




ഉടനെ തന്നെ ഒപ്താൽമോളജി അസിസ്റ്റന്റ് പ്രൊഫ. ഡോ. റോളണ്ട് ഗോഡ്‌ലി, ഇഎൻടി പ്രൊഫ. ഡോ. എ ടി ഇഹ്സാൻ എന്നിവരുടെ സഹായത്തോടെ അവ പുറത്തെടുക്കാനുള്ള ശ്രമം ആരംഭിച്ചു. ന്യൂറോ സർജൻ ഡോ. രാഹുൽ ശ്രീനിവാസൻ, അനസ്തേഷ്യ അസിസ്റ്റന്റ് പ്രൊഫ. ഡോ. സുമേഷ് എന്നിവരുടെ സഹായവും തേടി. മൂന്ന് കഷ്ണങ്ങളാണ് പുറത്തെടുത്തത്. ജനുവരി 7 ന് ആയിരുന്നു നാസിഹ് അപകടത്തിൽപെട്ടത്.

# Wecome to Jubilee Familee

| | |
|---|---|
| Dr. Rani Ann Joseph | Radiology |
| Dr. Jofina Sissy | Emergency Medicine |
| Dr. Vijay Chanchal A B | Emergency Medicine |
| Dr. Benitta Elza Shaji | Medical Oncology |
| Dr. Manjusha J | Neurosurgery |
| Dr. Jessin Francis V | Cardiology |
| Dr. Anurag E | Emergency Medicine |
| Dr. Irene Rose A | Emergency Medicine |
| Dr. Crystal Alice Ajith | Medicine |
| Dr. Chinnu Lalson | Obstetrics & Gynaecology |
| Ms. Adithya R Pillai | Smile train funded project |
| Dr. Saji K G | Smile train funded project |
| Mr. Shinoj K Thattil | Maintenance |
| Mr. Yadhu Krishnan P | Ayurveda Therapist |
| Ms. Lilly C R | Ayurveda Therapist |
| Ms. Hensa C A | JMCON |
| Mr. Tibin Thomas | Laundry |
| Ms. Linu Lawrence | MC Microbiology |
| Ms. Nimisha Mohandas | MC Pathology |
| Ms. Betsy Varghese | JMCON |
| Sr. Daisy M V | JMCON |

**Staff Nurse**

Ms. Agnes Mathew
Ms. Bincy T B
Ms. Jini V D
Ms. Riji K J
Sr. Alpheena

**Canteen Staff**

Ms. Ancy Anto
Ms. Manitha Shaju
Ms. Princy Benny
Ms. Resmi George

## യാത്രാമംഗളങ്ങൾ



18 വർഷത്തോളം പാത്തോളജി വിഭാഗത്തിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു റിട്ടയർ ചെയ്ത ഡോ. രാംകുമാർ വി. കെ. യ്ക്ക് ജൂബിലി കുടുംബത്തിന്റെ ആശംസകൾ നേരുന്നു.

# പുതുപുത്തൻ ഉത്തരവാദിത്ത്വം



16 വർഷത്തോളം ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ സ്തുത്യർഹമായ സേവന മനുഷ്ഠിച്ചു റിട്ടയർ ചെയ്ത ഡോ. സുശീല ജേക്കബ് ഇന്ന, ലബോറട്ടറി മെഡിസിൻ വകുപ്പ് വികസിപ്പിക്കുന്നതിനും, കേരള സർക്കാരിന്റെ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെയും, KUHSന്റെയും കീഴിലുള്ള പ്രസക്തമായ പാരാമെഡിക്കൽ കോഴ്സുകൾ നടപ്പിലാക്കുന്നതുമായ പുതിയ ഉത്തരവാദിത്ത്വങ്ങളുമായി ജൂബിലി മിഷനിൽ തുടരുന്നു. ജൂബിലി കുടുംബത്തിന്റെ ആശംസകൾ!

# നിഷക്കും ഗീതുവിനും ജൂബിലിയുടെ അഭിനന്ദനങ്ങൾ

തീവ്ര സാമ്പത്തിക ബുദ്ധിമുട്ടുകളും, ജീവിതത്തിലെ കഷ്ടപ്പാടുകളും അതിജീവിച്ച് ആത്മവിശ്വാസത്തോടെ മുന്നേറി




വിജയം കൈവരിച്ച നിഷയെയും ഗീതുവിനെയും ജൂബിലി കുടുംബം അഭിനന്ദിച്ചു. ചെറിയ ക്ലാസുകൾ മുതൽ തക്കാളിപെട്ടികൾ ഉണ്ടാക്കി വിറ്റും, മറ്റു പല ചെറിയ ജോലികൾ ചെയ്തും പഠിച്ച് വന്നവരായിരുന്നു ഇവർ. മഴവിൽ മനോരമയിൽ നടന്ന ഉടൻപണം പരിപാടിയിൽ നിന്നും അഞ്ച് ലക്ഷം രൂപ സമ്മാനം നേടുകയും ഉണ്ടായി. അച്ഛൻ ഉണ്ണികൃഷ്ണൻ മരക്കമ്പനി തൊഴിലാളിയാണ്. ദുരിതപൂർണമായ ജീവിതസാഹചര്യങ്ങളിൽ വളർന്നുവന്ന ഇവരിൽ ഒരാൾ ജേർണലിസം ബിരുദധാരിയും മറ്റേയാൾ എം.ബി.എ. ബിരുദധാരിയുമാണ്. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഇവർക്ക് പാരിതോഷികം നൽകി ആദരിച്ചു. ജൂബിലി സ്റ്റാഫായ ശ്രീ. ജോൺ വെള്ളറ സ്നേഹോപഹാരം നൽകി.

# ജൂബിലി ഗവേഷണ കേന്ദ്രത്തിലെ നൂതന സംരംഭങ്ങൾ

ജൂബിലി ഗവേഷണ കേന്ദ്രത്തിന് പുതിയ മാനങ്ങൾ നൽകിക്കൊണ്ട് കംപ്യൂട്ടേഷണൽ ബയോളജി, ന്യൂറോ ഇമ്മ്യൂണോളജി എന്നീ രണ്ടു പുതിയ ലാബുകൾക്ക് കൂടി തുടക്കം കുറിച്ചു. മെഡിക്കൽ കോളേജ് അക്കാദമിക് ബ്ലോക്കിൽ നാലാം നിലയിൽ ഒരുക്കിയിരിക്കുന്ന പുതിയ ലാബുകളുടെ ആശിർവാദം ജൂലൈ ഒന്നാം തീയതി, ജൂബിലിയിലെ ഗവേഷണ വിദ്യാർഥി കൂടിയായ ഫാ. ജിജോ തട്ടിൽ, അക്കാഡമിക് വിഭാഗം അസോസിയേറ്റ് ഡയറക്ടർ,



റെവ. ഫാ. റെന്നി മുണ്ടൻകുരിയന്റെ സാന്നിധ്യത്തിൽ നിർവഹിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടന്ന ചടങ്ങിൽ ജൂബിലി ഡയറക്ടർ റെവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

**കംപ്യൂട്ടേഷണൽ ബയോളജി ലാബ്:** കംപ്യൂട്ടേഷണൽ ബയോളജി, ബയോഇൻഫർമാറ്റിക്സ്, സ്ട്രക്ച്ചറൽ ബയോളജി എന്നീ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. അൽഷിമേഴ്സ്, അർബുദം തുടങ്ങിയ പല മാരകരോഗങ്ങൾക്കും വേണ്ടിയുള്ള

പുതിയ മരുന്നുകൾ കണ്ടുപിടിക്കുന്നതിന് ഈ ലാബിന്റെ പ്രവർത്തനം ഒരു മുതൽക്കൂട്ടായിരിക്കും.

**ന്യൂറോ ഇമ്മ്യൂണോളജി ലാബ്:** നേരത്തെ പ്രവർത്തിച്ചിരുന്ന ഈ ലാബ് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ന്യൂറോണുകളുമായി ബന്ധപ്പെട്ടിട്ടുള്ള ഓട്ടോഇമ്മ്യൂൺ അസുഖങ്ങളെ കണ്ടുപിടിക്കുന്നതിൽ ഒരു സുപ്രധാനമായ പങ്ക് വഹിക്കുന്ന വിഭാഗമാണ് ന്യൂറോ ഇമ്മ്യൂണോളജി. രോഗപ്രതിരോധ സംവിധാനങ്ങളിൽ ഉണ്ടാകുന്ന തകരാറുകൾ മൂലം ശരീരത്തിൽ ഉത്പാദിപ്പിക്കുന്ന ആൻറിബോഡികൾ, ന്യൂറോണുകളിലെ അക്വാപോറിൻ4, മൈലിൻ ഒളിഗോഡെൻഡ്രോസൈറ്റ് ഗ്ലൈക്കോ പ്രോട്ടീൻ (MOG) എന്ന പ്രോട്ടീനുകളെ നശിപ്പിക്കുമ്പോൾ ന്യൂറോമൈലൈറ്റിസ് എന്ന അസുഖം ഉണ്ടാകുന്നു. തലച്ചോറിനെയും സുഷുമ്നനാഡിയെയും ബാധിക്കുന്ന ഈ അസുഖം ക്രമേണ കാഴ്ച നഷ്ടപ്പെടുത്തുന്നു.




വളരെ അപൂർവമായി കണ്ടുവരുന്ന അക്യൂട്ട് എൻസെഫലോ മൈലൈറ്റിസ് എന്ന അസുഖത്തിനും കാരണം ന്യൂറോണുകളിലെ NMDAR റിസെപ്റ്ററുകൾക്കെതിരായി ശരീരം ഉത്പാദിപ്പിക്കുന്ന ആൻറിബോഡികളാണ്. ഇത്തരത്തിലുള്ള അപകടകാരികളായ ആൻറിബോഡികളുടെ സാന്നിധ്യം രക്തത്തിലും സെറിബ്രോ സ്പൈനൽ ഫ്ളൂയിഡിലും നേരത്തെ തന്നെ കണ്ടു പിടിക്കാൻ സാധിച്ചാൽ ഇത്തരം മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് വളരെയധികം സഹായപ്രദമാകുന്നു. NMDAR, NMO/MOG എന്നിങ്ങനെയുള്ള ടെസ്റ്റുകൾ ഈ ലാബിൽ നടത്തിവരുന്നു.

# മുലയൂട്ടൽ വാരാചരണം ജൂബിലിയിൽ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 2021 ആഗസ്റ്റ് 7 ന് മുലയൂട്ടൽ വാരത്തോടനുബന്ധിച്ചു ക്വിസ് മത്സരം സംഘടിപ്പിച്ചു. പീഡിയാട്രിക് ഡിപ്പാർട്മെന്റിലെ ഡോ. അപർണ നമ്പൂതിരിപ്പാട്, ഗൈനക്കോളജി ഡിപ്പാർട്മെന്റിലെ ഡോ. ലോല രാമചന്ദ്രൻ എന്നിവരായിരുന്നു ക്വിസ് കോർഡിനേറ്റർസ്.



നിയോനേറ്റൽ ഐസിയുവിൽ നിന്നുള്ള മൈഷ പിആർ, നിഷാന മോൾ എസ്, ലേബർ റൂമിൽ നിന്നുള്ള സ്നേഹ പി ടി, സൗമ്യ സി യു, പീഡിയാട്രിക് വാർഡിൽ നിന്നുള്ള ജെയിൻ ജോർജ്, ബിനി ബേബി, സെന്റ് ജോസഫ് വാർഡിൽ നിന്നുള്ള അനിത, മഞ്ജു പി എം, സെന്റ് ജോർജ് വാർഡിൽ നിന്നുള്ള ഷൈബി സി ജെ, സോണിയ പി വി എന്നിവർ പങ്കെടുത്തു. ഒന്നാം സ്ഥാനം പീഡിയാട്രിക് വാർഡ് കരസ്ഥമാക്കി. രണ്ടാം സ്ഥാനം നിയോനേറ്റൽ I C U യും സെന്റ്. ജോസഫ് വാർഡും പങ്കു വച്ചപ്പോൾ ലേബർ റൂം മൂന്നാം സ്ഥാനത്തിനർഹരായി.




# ജൂബിലി വെൽഫെയർ സ്റ്റോർ പ്രവർത്തനം ആരംഭിച്ചു

ജൂബിലി ട്രസ്റ്റിന്റെ കീഴിലുള്ള ജൂബിലി വെൽഫെയർ സ്റ്റോർ ഉദ്ഘാടനം ഓഗസ്റ്റ് 14-ാം തിയ്യതി ബഹുമാനപെട്ട തൃശൂർ കോർപ്പറേഷൻ മേയർ ശ്രീ. എം കെ വർഗീസ് നിർവഹിച്ചു. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ. ആൻഡ്രൂസ് താഴത്ത് ആശീർവാദകർമ്മം നിർവഹിച്ചു. പ്രധാനമായും ജൂബിലി മിഷൻ ആശുപത്രി ജീവനക്കാരുടെ സൗകര്യാർത്ഥം, ആദായനിരക്കിൽ എല്ലാ ആവശ്യവസ്തുക്കളും 2% മുതൽ 25% വരെ വിലക്കുറവിൽ ഇവിടെ ലഭ്യമാക്കിയിരിക്കുന്നു.





ഓർഡറുകൾക്കും അന്വേഷണങ്ങൾക്കും 75107566582 എന്ന നമ്പറിൽ whatsapp/ call ചെയ്യാവുന്നതാണ്. പ്രവർത്തന സമയം: 7 .15 am to 8 pm

# ആനുവൽ ഹെൽത്ത് ചെക്കപ്പ് ക്യാമ്പ് ജൂബിലിയിൽ

ജൂബിലി കുടുംബത്തിന്റെ ആരോഗ്യസുരക്ഷക്കായി വർഷംതോറും നടത്തി വരുന്ന ആന്വൽ ഹെൽത്ത് ചെക്കപ്പ് ഈ വർഷം ഓഗസ്റ്റ് 5 മുതൽ 28 വരെ മെഡിക്കൽ കോളേജ് ബി ബ്ലോക്കിൽ നടത്തപ്പെട്ടു. ജോലിക്കാരുടെ സുരക്ഷാ മുൻകരുതലിനാവശ്യമായ പരിശോധനകളും വാക്സിനുകളും ലഭ്യമാക്കികൊണ്ടു കൃത്യമായ ആസൂത്രണത്തോടെ എല്ലാ കോവിഡ് മാനദണ്ഡങ്ങളും പാലിച്ചു നടത്തിയ ക്യാമ്പിൽ 92% പേരും പങ്കെടുത്തു.











Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Mariya Tony | Mr. Joshi Paul

*Service with Love*

JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE

Bishop Alapatt Road, Jubilee Mission P.O., Thrissur, Kerala – 680 005
Ph: +91487 2432200 | jm@jmmc.ac.in | www.jmmcri.org